## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2890 — 02.04.2013 ൽ - മറുപടിക്ക്

### വ്യത്യസ്ത സ്കീമുകളിലുളള കാർഡുടമകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. കെ. ഗുരുദാസൻ : | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) റേഷൻ കടകളിലൂടെ ഒരു രൂപ നിരക്കിൽ അരിക്ക് അർഹതയുളള റേഷൻ കാർഡുടമകൾ എത്രയാണ്; പ്രതിമാസം എത്ര കി.ഗ്രാം അരി വീതം പ്രസ്തുത സ്കീമിൽ നൽകാൻ തീരുമാനിച്ചിരുന്നു; എന്നു മുതലാണ് പ്രസ്തുത സ്കീം നടപ്പിലാക്കിയത്; | (എ) റേഷൻകടകളിലൂടെ ഒരു രൂപ നിരക്കിൽ അരി ലഭിക്കാൻ അർഹതയുളളത് 14,46,752 ബി.പി.എൽ. കാർഡുടമകൾ, 5,90,742 എ.എ.വൈ. കാർഡുടമകൾ എന്നിവർക്കാണ്. ബി.പി.എൽ. കാർഡുകൾക്ക് 25 കിലോഗ്രാം, എ.എ.വൈ. കുടുംബങ്ങൾക്ക് 35 കിലോഗ്രാം എന്നിങ്ങനെയാണ് പ്രതിമാസം അനുവദിച്ചിട്ടുളള അരിയുടെ അളവ്. 2011 സെപ്തംബർ 1 മുതലാണ് പദ്ധതി ആരംഭിച്ചത്. |
| (ബി) പ്രസ്തുത സ്കീം നടപ്പിൽ വരുത്തിയതിനു ശേഷം 2013 ഫെബ്രുവരി 28 വരെ എത്ര കിലോഗ്രാം അരി റേഷൻ കടകളിലൂടെ വിതരണം ചെയ്യുകയുണ്ടായി; ആയതിലേക്ക് പ്രസ്തുത കാലയളവിൽ ചെലവായ തുക എത്ര; | (ബി) 2011 സെപ്തംബർ 1 മുതൽ 2013 ഫെബ്രുവരി 28 വരെ ബി.പി.എൽ. വിഭാഗത്തിന് 56,60,01,810 കിലോഗ്രാം അരിയും എ.എ.വൈ. വിഭാഗത്തിന് 33,57,76,035 കിലോഗ്രാം അരിയും വിതരണം ചെയ്തിട്ടുണ്ട്. 1/- രൂപ നിരക്കിൽ അരി വിതരണം ചെയ്യുന്നതിന് സബ്സിഡിയിനത്തിൽ 2011-12 വർഷത്തിൽ 164.04 കോടി രൂപയും 2012-13 സാമ്പത്തിക വർഷത്തിൽ 265.15 കോടി രൂപയും ചെലവഴിക്കേണ്ടി വന്നു. |
| (സി) രണ്ട് രൂപ നിരക്കിൽ 35 കി.ഗ്രാം അരി നൽകാനുളള പദ്ധതി എന്നു മുതലായിരുന്നു പ്രാബല്യത്തിൽ വന്നിരുന്നത്; പ്രസ്തുത സ്കീം അനുസരിച്ച് അന്നു കണക്കാക്കപ്പെട്ട അർഹരായ കാർഡുടമകൾ എത്രയായിരുന്നു; | (സി) രണ്ടു രൂപ നിരക്കിൽ 35 കിലോഗ്രാം അരി എ.എ.വൈ. വിഭാഗത്തിനു മാത്രമാണ് നൽകിവന്നത്. 22.05.2009 ലാണ് പദ്ധതി നടപ്പിൽ വന്നത്. എന്നാൽ സത്യവാങ്മൂലം വാങ്ങി എല്ലാ കാർഡുടമകളെയും രണ്ടു രൂപ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന പദ്ധതി നടപ്പിൽ വന്നത് 25.02.2011 ലാണ്. സത്യവാങ്മൂലം നൽകുന്നതിന് 25.05.2011 വരെ സമയം അനുവദിച്ചിരുന്നു. ടി തീയതിയിൽ 45.39 ലക്ഷം എ.പി.എൽ. കുടുംബങ്ങൾ പദ്ധതിയിൽ ഉൾപ്പെട്ടിരുന്നു. തുടർന്ന് പുതിയ സർക്കാർ നിലവിൽ വരികയും ഈ പദ്ധതി തുടരുകയും |

ചെയ്തു. എന്നാൽ നേരത്തേ സത്യവാങ്മൂലം നൽകിയിരുന്നവർ ഫോട്ടോ പതിച്ച സത്യവാങ്മൂലം നൽകണമെന്ന നിബന്ധന വയ്ക്കുകയുണ്ടായി. (18.07.2011 ലെ 29/11/ഭ.സി.സ.വ. നമ്പർ സർക്കാരുത്തരവ്) ഇതിനായി 11.08.2011 വരെ സമയം അനുവദിക്കുകയും ചെയ്തു. ഈ നിബന്ധന മൂലം പദ്ധതിയിൽ ഉൾപ്പെട്ട എ.പി.എൽ. കാർഡുടമകളുടെ എണ്ണം 42.86 ലക്ഷമായി കുറയുകയുണ്ടായി. നിലവിൽ പദ്ധതിയിൽ ഉൾപ്പെടുന്നത് 42,17,749 എ.പി.എൽ. കുടുംബങ്ങളാണ്. (22.05.2009 മുതൽ ബി.പി.എൽ./എ.എ.വൈ. വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്കും 2/- രൂപ നിരക്കിൽ അരി വിതരണം ചെയ്തിരുന്നു).

(ഡി) മേല്പറഞ്ഞ രണ്ട് സ്കീമിലും നിലവിൽ എത്ര വീതം കാർഡ് ഉടമകൾ ഉണ്ട്; അല്ലാത്തവർ മൊത്തം എത്ര;

(ഡി) 1/- രൂപ പദ്ധതിയിൽ ഉൾപ്പെടുന്നത് 20,37,494 കാർഡുടമകളും 2/- രൂപ പദ്ധതിയിൽപ്പെടുന്നത് 42,17,749 കാർഡുടമകളും സബ്സിഡി കിട്ടാത്ത 17,75,977 കാർഡുടമകളും ഉണ്ട്.

(ഇ) പ്രസ്തുത രണ്ട് സ്കീമിലും അർഹതപ്പെട്ടവർക്കെല്ലാം നിശ്ചിത അളവുകളിൽ അരി ലഭ്യമാക്കുന്നതിന് ഈ വർഷം മൊത്തം എന്ത് തുക ആവശ്യമാണ്; ഈ വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുക എത്ര?

(ഇ) സബ്സിഡി നിരക്കിൽ അരി വിതരണം ചെയ്യുന്നതിന് 2012-13 സാമ്പത്തിക വർഷത്തിൽ 653.30 കോടി രൂപ ആവശ്യമാണ്. എന്നാൽ 640 കോടി രൂപയാണ് അനുവദിച്ചത്. (റേഷൻവ്യാപാരികളുടെ കമ്മീഷൻ ഉൾപ്പെടെ 696.68 കോടി രൂപയാണ് 2012-13 ൽ '2408-01-101-98-33' ശീർഷകത്തിൽ ആവശ്യമുണ്ടായിരുന്നത്). 2013-14 വർഷത്തിൽ '2408-01-101-98-33' ശീർഷകത്തിൽ 600 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ